8

# ക്രിസ്ത്യാനിയുടെ വേല വിവരണം

## (2:12-18)

നമുക്ക് ഒരു ഉത്തരവാദിത്തം ലഭിക്കുമ്പോൾ, ആ ജോലിയെ കുറിച്ചുള്ള വിവരങ്ങൾ അറിയുവാൻ നമ്മിൽ പലരും ആഗ്രഹിക്കും. നാം എന്തെല്ലാമാണ് കൃത്യമായി ചെയ്യേണ്ടതെന്നും എങ്ങനെ ചെയ്യണമെന്നും നമുക്ക് അറിയേണ്ടതായിട്ടുണ്ട്. ക്രിസ്ത്യാനിയുടെ "വേല വിവരണത്തെ" കുറിച്ച് ചിന്തിക്കുമ്പോൾ, പല വേദഭാഗങ്ങളും ഓർമ്മയിൽ വരുന്നു. നാം ചെയ്യേണ്ടത് *എന്തെന്ന്* ചില വാക്യങ്ങൾ പറയുന്നു. അവ വെളിപ്പെടുത്തുന്നത് പൊതുവായി ഓരോ ക്രിസ്ത്യാനിയിൽനിന്നും ആവശ്യപ്പെടുന്നതാണ്–അതായത് മറ്റുള്ളവരെ സഹായിക്കുന്നതും ദൈവത്തെ ആരാധിക്കുന്നതും. നമ്മുടെ താലന്തുകളും അവസരങ്ങളും ഉപയോഗിക്കുവാനുള്ള വെല്ലുവിളിയും നമുക്ക് ഉണ്ട്–അങ്ങനെ നമ്മുടെ യജമാനനെ സേവിക്കുവാനുള്ള പ്രത്യേക വഴികൾ നാം കണ്ടെത്തുന്നു. നമ്മുടെ ഉത്തരവാദിത്തങ്ങൾ നാം *എങ്ങനെ* ഉപയോഗിക്കണമെന്ന് മറ്റു ഭാഗങ്ങൾ വെളിപ്പെടുത്തുന്നു. അത്തരം വേദഭാഗമാണ് ഫിലിപ്പിയർ 2:12–18. ലൗകിക ജോലിയുടെ വിവരങ്ങൾ വിവിധ *രീതിയിൽ* ഉള്ളതാണ്, എന്നാൽ ക്രിസ്തീയ വേല വിവരണം ശ്രദ്ധിക്കുന്നത് *മനസിനേയും*–കർത്താവിനെ നാം സേവിക്കുമ്പോൾ നമുക്ക് ഉണ്ടായിരിക്കേണ്ട മനോഭാവത്തെയുമാണ്.

### വേല ആവശ്യപ്പെട്ടിരിക്കുന്നു (2:12)

**12അതുകൊണ്ട് പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പോഴും അനുസരിക്കുന്നതുപോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല ഇന്നു ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ നിങ്ങളുടെ രക്ഷക്കായി പ്രവർത്തിപ്പിൻ.**

**വാക്യം 12.** 1:27–ൽ പറഞ്ഞ പ്രായോഗിക നിർദ്ദേശങ്ങൾ ഇവിടെ ആവർത്തിച്ചിരിക്കുന്നു. അവൻ അങ്ങനെ ചെയ്തപ്പോൾ, 2:8 ലെ അനുസരണ ചിന്തയാണ് ഓർപ്പിച്ചത്: "യേശു തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം *അനുസരണമുള്ളവനായി* തീർന്നു" (എംഫസിസ് ആഡഡ്). ഇപ്പോൾ പൗലൊസ് ഫിലിപ്പിയരോട് പറയുന്നു, **പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പോഴും** *അനുസരിച്ചതു***പോലെ ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല, ദൂരത്തിരിക്കുമ്പോൾ, ഏറ്റവും അധികമായി പ്രവർത്തിപ്പിൻ** (എംഫസിസ് ആഡഡ്). "അതുകൊണ്ട്" എന്നത് മുൻപ് സംഭവിച്ചതിനെ താഴെ പറയുന്നതുമായി ബന്ധിപ്പിക്കുന്നതാണ്; "അതുകൊണ്ട്" അവന്റെ അനുയായികളും അനുസരിക്കണം. ആ പ്രബോധനം ഉറച്ച ഒരു കൽപനയായിട്ടല്ല

മറിച്ച്, സ്നേഹമുള്ള അഭ്യർത്ഥനയായിട്ടാണ്: പൗലൊസ് അവരെ വിളിച്ചത് "പ്രിയമുള്ളവരെ" എന്നാണ്.

ഫിലിപ്പിയരുടെ കഴിഞ്ഞകാല അനുസരണത്തെ കുറിച്ച്, അപ്പൊസ്തലനായ പൗലൊസ് ഈ വിസ്മയമായ പ്രസ്താവന നടത്തിയിരിക്കുന്നു: "നിങ്ങൾ എല്ലായ്പോഴും അനുസരിച്ചതുപോലെ." അതായത്, പൗലൊസ് വെളിപ്പെടുത്തിയ ദൈവത്തിന്റെ നിർദ്ദേശങ്ങളെല്ലാം അവർ അനുസരിച്ചിരുന്നു എന്നർത്ഥം. പൗലൊസ് ദൈവത്തിന്റെ പ്രതിനിധി ആയിരിക്കയാൽ, അവന്റെ വായനക്കാർ അവന്റെ ദൈവശ്വാസിയ ഉപദേശങ്ങൾ അനുസരിക്കണമായിരുന്നു (റോമർ 1:5; 15:18; 2 കൊ. 10:6; 2 തെസ്സ. 3:4; ഫിലെ. 21). അവരെ കുറിച്ച് ഓർക്കുമ്പോഴെല്ലാം ദൈവത്തിനു എല്ലായ്പോഴും സ്തോത്രം ചെയ്യുന്നു എന്നു അപ്പൊസ്തലൻ ആദ്യം പറഞ്ഞതുപോലെ തന്നെ എല്ലായ്പോഴും അനുസരിച്ചതുപോലെ എന്ന പ്രസ്താവനയും നമ്മെ അത്ഭുതപ്പെടുത്തുന്നതാണ് (1:3). ഒരിക്കൽകൂടെ പൗലൊസ് തന്റെ "ഓർമ്മ പുതുക്കൽ" *എല്ലാം* നടത്തുന്നത് ആയിരിക്കുവാൻ സാധ്യതയുണ്ട്. അവർ എല്ലായ്പോഴും പൗലൊസിന്റെ ദൈവശ്വാസീയ നിർദ്ദേശങ്ങൾ അനുസരിക്കുവാൻ പൊതുവിൽ തയ്യാറായിരുന്നു എന്നു വ്യക്തമാക്കിയതാകാം.

അനുസരണ പാത തുടരുവാനായിരുന്നു പൗലൊസ് ഫിലിപ്പിയരോട് പറഞ്ഞത്: "അതുകൊണ്ട് ... നിങ്ങൾ എല്ലായ്പോഴും അനുസരിച്ചതുപോലെ, ഞാൻ അരികത്തിരിക്കുമ്പോൾ മാത്രമല്ല, ദൂരത്തിരിക്കുമ്പോൾ ഏറ്റവും അധികമായി അനുസരിപ്പിൻ ..." മുൻപ് പൗലൊസ് പല പ്രാവശ്യം ഫിലിപ്പിയയിൽ അവരുമായി സമയം ചെലവിട്ടിരുന്നു (പ്രവൃ. 16:12–40; 20:1–3, 6). അവൻ അവരോടുകൂടെ ആയിരുന്നപ്പോൾ അവർ എങ്ങനെ ആയിരുന്നുവോ, അതുപോലെ തന്നെ സഹോദരന്മാർ ആയിരിപ്പാനാണ് അവൻ അപേക്ഷിച്ചത്.

**വാക്യം 12.** തന്റെ അസാന്നിധ്യത്തിൽ അവർ നിഷ്ക്രിയരായിരിക്കുന്നതിനു പകരം, [തങ്ങളുടെ] രക്ഷക്കു വേണ്ടി **പ്രവർത്തിപ്പാനായിരുന്നു** പൗലൊസ് പ്രബോധിപ്പിച്ചത്. "നിങ്ങളുടെ സ്വന്ത രക്ഷക്കായി പ്രവർത്തിപ്പിൻ" എന്നാണ് ആർഎസ്വിയിൽ. പൗലൊസിന്റെ വാക്കുകൾ ചില വ്യാഖ്യാതാക്കളെ അലോസരപ്പെടുത്തുന്നുണ്ട്. ഉദാഹരണമായി രക്ഷക്ക് മനുഷ്യരുടെ പ്രവർത്തികൾ ആവശ്യമില്ല എന്നു ചിന്തിക്കുന്നവർക്കാണ് അത്–കാരണം അവർ വാക്കുകളെ അങ്ങനെ തന്നെ മുഖവിലക്ക് എടുത്തിരിക്കുകയാണ്. വ്യക്തിയുടെ പ്രവർത്തനവും നിത്യമായ പ്രതിഫലവും തമ്മിലുള്ള ബന്ധമാണ് പറയുന്നത്. ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ രക്ഷ നഷ്ടപ്പെടുകയില്ല എന്നു വിശ്വസിക്കുന്നവർക്കും ഈ വാക്കുകൾ അസ്വസ്ഥത ജനിപ്പിക്കുന്നതാണ്–കാരണം ക്രിസ്ത്യാനി പ്രവർത്തിച്ചില്ലെങ്കിൽ, ഒരിക്കൽ ആസ്വദിച്ചതായ രക്ഷ നഷ്ടമാകും.

ഫിലിപ്പിയ ഇടവകയിൽ നിറയെ കലഹം ഉണ്ടായിരുന്നു എന്നും അതിനാൽ അവിടെ പറയുന്ന രക്ഷ പാപത്തിൽനിന്നുള്ളതല്ല, മറിച്ച അംഗങ്ങൾക്കിടയിലുണ്ടായിരുന്ന അൽപത്വ വ്യത്യാസങ്ങൾ "പരിഹരിക്കുന്ന" തിനുള്ള "വിടുതൽ" ആയിരുന്നു എന്നാണ് ചിലർ കരുതുന്നത്. ആ സമീപനം അനുസരിച്ച് "രക്ഷ" എന്നു പറയുന്നത് പാപത്തിൽനിന്നുള്ളതല്ല എന്നും, അതിനാൽ അതിനു മുകളിൽ പറഞ്ഞിരിക്കുന്ന പ്രത്യേക അർത്ഥമാണുള്ളത് എന്നാണ് അവരുടെ പക്ഷം.

"രക്ഷ" എന്നതിന്റെ ഗ്രീക്ക് വാക്ക് (*സോറ്റേരിയ*) പല വിധത്തിൽ തർജിമ

ചെയ്യാം എന്നത് വാസ്തവമാണ്. നിത്യരക്ഷ എന്ന അർത്ഥത്തിൽ പൗലൊസ് സ്ഥിരമായി [*സോറ്റേരിയ*] ഉപയോഗിച്ചിട്ടുണ്ട് (1:28; റോമർ. 1:16; 10:1, 10; 13:11; 2 കൊ. 6:2; 7:10; എഫെ. 1:13; 1 തെസ്സ. 5:8; 2 തെസ്സ. 2:13) ഇവിടെ പൗലൊസ് വ്യത്യസ്തമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന സൂചന ഒന്നും താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ അന്തർലീനമാക്കിയിട്ടില്ല. നിലവാരമുള്ള മിക്ക തർജ്ജിമകളിലും ഫിലിപ്പിയർ 2:12 ൽ "രക്ഷ" എന്നാണ്, അല്ലാതെ "വിടുതൽ" എന്നോ അല്ലെങ്കിൽ "സൗഖ്യമാക്കൽ" എന്നോ അല്ല.

ക്രിസ്ത്യാനികൾ വേല ചെയ്യണം എന്നതിനെ കുറിച്ച് പുതിയനിയമം വളരെ അധികം പറയുന്നുണ്ട് (1 കൊ. 15:58; 2 കൊ. 5:10; കൊലൊ. 1:10; യാക്കൊ. 2:24; 1 പത്രൊ. 1:17). തെറ്റിദ്ധരിക്കരുത്: നാം ചെയ്യുന്ന വേലയുടെ യോഗ്യത കണക്കാക്കി നമ്മെ രക്ഷിക്കും എന്നു പുതിയനിയമം പഠിപ്പിക്കുന്നില്ല. റോമർ 11:6; എഫെസ്യർ 2:9; 2 തിമൊഥെയൊസ് 1:9 തുടങ്ങിയ വേദഭാഗങ്ങൾ വ്യക്തമാക്കുന്നത് നാം ദൈവ കൃപയാലും (അനർഹമായ ഉപകാരം) വിശ്വാസത്താലുമാണ് രക്ഷിക്കപ്പെടുന്നത് എന്നാണ് (എഫെ. 2:8). അതേസമയം, രക്ഷിക്കുന്ന വിശ്വാസം എന്നു പറയുന്നത് അനുസരിക്കുന്ന വിശ്വാസമാണ്–സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസം (ഗലാ. 5:6 നോക്കുക). ഒരു വ്യാഖ്യാതാവ് എഴുതി,

> വിശ്വാസത്തിന്റെ അടിസ്ഥാന മൂലകങ്ങൾ *ആശ്രയവും അനുസരണവുമാണ്* എന്നു നാം മനസിലാക്കാതെ പൗലൊസ് പറഞ്ഞ വിശ്വാസം നമുക്ക് ഗ്രഹിക്കുവാൻ കഴിയുകയില്ല ... തെസ്സലൊനിക്യയിലുള്ളവർ വിശ്വാസത്തിലേക്ക് വന്നു എന്നു പൗലൊസ് പറഞ്ഞപ്പോൾ (1 തെസ്സ. 1:8), അവരുടെ *അനുസരണത്തെയും* അവൻ എഴുതി. റോമർ 1:8 ൽ അവൻ "നിങ്ങളുടെ വിശ്വാസം" എന്നും റോമർ 16:19 ൽ "നിങ്ങളുടെ അനുസരണം" എന്നും പറഞ്ഞ് ഒരേ കാര്യത്തെ വ്യക്തമാക്കുകയാണ്. റോമർ 1:5–ൽ, അവൻ വാസ്തവത്തിലുള്ള പ്രയോഗമായ "വിശ്വാസത്തിന്റെ അനുസരണം" എന്നു പറഞ്ഞതിന്റെ അർത്ഥം "അനുസരണമാകുന്ന വിശ്വാസം" എന്നാണ്.[2]

വിശ്വാസത്തിന്റെ പ്രായോഗിക വശമാണ് അനുസരണപ്രവൃത്തികൾ, ഒരു വിശ്വാസിക്ക് തന്റെ വിശ്വാസം പ്രകടിപ്പിക്കുവാനും, ആശ്രയം കാണിക്കുവാനും, തന്റെ ബോധ്യത്തിന്റെ ശക്തി പ്രദർശിപ്പിപ്പാനും കഴിയും. നാം പ്രവൃത്തികളാൽ രക്ഷിക്കപ്പെടുന്നില്ല, എന്നാൽ നാം അവ കൂടാതെ രക്ഷിക്കപ്പെടുന്നുമില്ല.

"പ്രവർത്തിക്കുക" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നത് സംയുക്ത ഗ്രീക്ക് വാക്ക് *കാറ്റെർഗസോമായി* എന്നാണ്,[3] അർത്ഥം, "അതിജീവിക്കുക, നേടുക."[4] വില്യം ബാർക്ലേ പറഞ്ഞത് "പൂർത്തീകരിക്കുന്ന ആശയമാണ് എല്ലായ്പ്പോഴും."[5] എൻസിവിയിൽ, "നിങ്ങളുടെ രക്ഷ പൂർത്തിയാകുന്നതിനു പ്രവർത്തിച്ചുകൊണ്ടിരിക്കുക" എന്നാണ്. ഏബിയിൽ "നിങ്ങളുടെ സ്വന്ത രക്ഷക്കായി പ്രവർത്തിക്കുക (ലക്ഷ്യം പൂർത്തിയാകുന്നതുവരെ പരിശ്രമിച്ചുകൊണ്ടിരിക്കുക). "നിങ്ങളുടെ കഴിഞ്ഞ പാപങ്ങൾ മോചിച്ചുകിട്ടേണ്ടതിന്നു സ്നാനം ഏൽക്കുവാൻ നിങ്ങൾ നല്ല പരിശ്രമം നടത്തിയതുപോലെ [മർ. 16:16; പ്രവൃ. 2:38; റോമർ. 6:3–6, 17, 18 നോക്കുക], അതു മുതൽ നിങ്ങൾ സേവിച്ചുകൊണ്ടിരിക്കുക–അത് നിർത്തുവാനുള്ള സമയം ആയില്ല. ഇനിയും പ്രവൃത്തി ബാക്കിയുണ്ട്!"

## പ്രവൃത്തിക്ക് ആവശ്യപ്പെടുന്നത് (2:12-18)

### ബഹുമാനത്തോടെ പ്രവർത്തിക്കുക (2:12)

**[12]ഭയത്തോടും വിറയലോടും കൂടെ.**

**വാക്യം 12.** ആദരവോടെ പ്രവർത്തിക്കുന്നവരെയാണ് ദൈവം ആഗ്ര ഹിക്കുന്നത്:ഭയത്തോടും വിറയലോടും കൂടെ. "ഭയത്തോടും വിറയലോടും കൂടെയോ?" "ഭയം" എന്ന വാക്ക് തർജിമ ചെയ്തിരിക്കുന്നത് *ഫോബോസ്* ആണ്, ആ വാക്കിൽനിന്നാണ് നമുക്ക് ഫോബിയ എന്ന ഇംഗ്ലീഷ് വാക്ക് ലഭിച്ചത്. അതിനർത്ഥം, ഒരാൾ ദൈവവേല ചെയ്യുന്നത് അതിരു കവിഞ്ഞ ആകുലതയോടും ഭയത്തോടും കൂടെ ആയിരിക്കണം എന്നാണോ? അല്ല. അതിശയകരമായ ആദരവും ഭയവും നിറഞ്ഞ മനോഭാവം കാണിക്കുവാനാ ണ് തിരുവെഴുത്തിൽ "ഭയം" എന്നു ഉപയോഗിച്ചിരിക്കുന്നത്. 1 പത്രൊസ് 3:2 ൽ *ഫോബോസ്* തർജിമ ചെയ്തിരിക്കുന്നത് "ബഹുമാനത്തോടുകൂടിയ പെരുമാറ്റം" എന്നാണ്. ഇത്തരം മനോഭാവമുള്ള വ്യക്തി ദൈവത്തിൽനിന്നും അകന്നുപോകയില്ല, മറിച്ച് അവനോട് ചേർന്നിരിക്കും.

ദൈവത്തെ സേവിക്കുമ്പോൾ, നാം ഭയം കൊണ്ട് തളർന്നുപോകരുത്. നമ്മുടെ ജോലിയുടെ ഗൗരവം നാം മറക്കാതെ, ആരെയാണ് നാം സേവിക്കു ന്നത് എന്നതു ഓർമ്മിക്കണം. "നാം നന്ദിയുള്ളവരായി ദൈവത്തിനു പ്രസാദ മാകുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക" (എബ്രാ. 12:28).

### ധൈര്യത്തോടെ പ്രവർത്തിക്കുക (2:13)

**[13]ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും നിങ്ങളിൽ ദൈവമല്ലൊ തിരുവുള്ളമുണ്ടായിട്ട് പ്രവർത്തിക്കുന്നത്.**

**വാക്യം 13.** ചിലർ പറഞ്ഞേക്കാം, "ദൈവത്തിനു വേണ്ടി പ്രവർത്തിക്കു ന്നതു വിഷമമുള്ള കാര്യമാണ്. എനിക്ക് അതു ചെയ്യുവാൻ കഴിയുമെന്ന് തോന്നുന്നില്ല!" മനുഷ്യശക്തിയാൽ ദൈവവേല ചെയ്യുവാനല്ല ദൈവം നമ്മിൽനിന്നു പ്രതീക്ഷിക്കുന്നത്. അവൻ നമുക്ക് വഴികൾ മാത്രമല്ല, ആവശ്യ മായ ശക്തിയും നൽകിയിരിക്കുകയാണ്. ധൈര്യത്തോടെ പ്രവർത്തിക്കുന്നവ രെയാണ് ദൈവത്തിനു ആവശ്യം–ദൈവം സഹായിക്കുന്നതു മനസിലാക്കു കയും വേണം. പൗലൊസ് തുടരുന്നു, **ദൈവമല്ലൊ തിരുവുള്ളം ഉണ്ടായിട്ട് നി ങ്ങളിൽ പ്രവർത്തിക്കുന്നത്.**

"പ്രവർത്തിക്കുക" എന്നത് തർജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് ക്രിയ *എനെ ർജെയോ* എന്നതിൽ നിന്നാണ് നമ്മുടെ ഇംഗ്ലീഷ് വാക്കുകൾ "എനെർജി" "എനെർജൈസ്" ലഭിച്ചിരിക്കുന്നത്. ആ വാക്ക് ഇവിടെ രണ്ട് പ്രാവശ്യം ഇപ യോഗിച്ചിട്ടുണ്ട്. ദൈവം തന്റെ ജനത്തെ "എനെർജൈസ്" ചെയ്യുന്നു. അവനു വേണ്ടി പ്രവർത്തിക്കുവാൻ നമുക്ക് ചുരുങ്ങിയത് രണ്ട് കാര്യങ്ങൾ വേണം: അവന്നു വേണ്ടി പ്രവർത്തിക്കുവാനുള്ള ആഗ്രഹവും, അവനു വേണ്ടി പ്ര വർത്തിക്കുവാനുള്ള കഴിവും. ആ രണ്ടു വിധത്തിലും അവൻ നമ്മെ സഹാ യിക്കും: **ഇച്ഛിക്ക എന്നതും പ്രവർത്തിക്ക എന്നതും** അവന്റെ "പ്രവൃത്തിയാ

ണ്." സിഇൗവിയിൽ "അവനെ അനുസരിക്കുവാനുള്ള കഴിവിനും അതിനു മനസുണ്ടാകുന്നതിനും ദൈവം നിങ്ങളിൽ പ്രവർത്തിക്കുന്നു" എന്നാണ്. എൻ ആർഎസ്‌വി പറയുന്നത് "അവന്റെ നല്ല സന്തോഷത്തിനു വേണ്ടി ഇഛിക്കുവാനും പ്രവർത്തിക്കുവാനും നിങ്ങളെ അവൻ പ്രാപ്തമാക്കുന്നു." പ്രവർത്തിക്കുവാനുള്ള "ആഗ്രഹവും" "മനസും" ആളുകളിൽ എങ്ങനെയാണ് ഉണ്ടാകുന്നത്? തിരുവെഴുത്തു വായന, പ്രസംഗ കേൾവി, ഒരു ക്രിസ്ത്യാനിയുടെ പ്രോൽസാഹനം എന്നിവ മുഖാന്തരം ആയിരിക്കാം മനസുണ്ടാകുന്നത്. ദൈവം നമ്മിൽ പ്രവർത്തിക്കുന്നതിന്റെ ഭാഗമാണ് അവയെല്ലാം. അവൻ എങ്ങനെ പ്രവർത്തിക്കുന്നു എന്നു കൃത്യമായി നമുക്ക് മനസിലായെന്നു വരികയില്ല, എന്നാൽ അവന്റെ പ്രവൃത്തി നാം സ്വീകരിക്കണം. നമുക്ക് ചെയ്യുവാനുള്ള പ്രവൃത്തി നമുക്ക് നൽകിയിട്ട് നമ്മെ അതു ചെയ്യുവാനായി വിട്ടിട്ടുപോകയില്ല.

**തിരുവുള്ളം ഉണ്ടായിട്ടാണ്** ദൈവം നമ്മിൽ പ്രവർത്തിക്കുന്നത്. അനുസരണക്കേടിൽ അവന് ഒരു പ്രസാദവുമില്ല. മൽസരത്തോടുകൂടെ ഒരാൾ മരിക്കുമ്പോൾ ദൈവത്തിന്റെ ഹൃദയം വേദനിക്കുകയാണ് (സങ്കീ. 5:4; യെഹെ.18:23, 32), എങ്ങനെയായാലും, ആളുകൾ പാപത്തിൽനിന്നു നീതിയിലേക്ക് തിരിയുമ്പോൾ അവൻ സന്തോഷിക്കും (യെഹെ. 33:11). യഹോവ "തന്റെ ജനത്തിൽ പ്രസാദിക്കുന്നു" (സങ്കീ. 149:4).

വാക്യം 12 പറയുന്നത് നാം രക്ഷക്കു വേണ്ടി "പ്രവർത്തിക്കണം," എന്നാൽ വാക്യം 13 പറയുന്നത് ദൈവം നമ്മിൽ "പ്രവർത്തിക്കുന്നു" എന്നാണ്. ആ രണ്ടു വാക്യങ്ങളും ചിന്താക്കുഴപ്പം ഉണ്ടാക്കിയേക്കാം. നാം വാക്യം 12 മാത്രം എടുത്താൽ, രക്ഷിക്കപ്പെടുന്നതിന് മനുഷ്യർ മാത്രമാണ് ഉത്തരവാദി എന്നു തോന്നിയേക്കാം. വാക്യം 13 മാത്രം എടുത്താൽ അതിനു ദൈവം മാത്രമാണ് ഉത്തരവാദി എന്നു തോന്നാം. രക്ഷക്ക് മനുഷ്യന്റെ ഭാഗവും ദൈവത്തിന്റെ ഭാഗവും വേണമെന്ന് യോജിപ്പിച്ച് പുതിയനിയമ എഴുത്തുകാർ പറയുവാൻ ശ്രമിച്ചിട്ടില്ല. ചില വേദഭാഗങ്ങൾ രക്ഷക്ക് ദൈവത്തിന്റെ വശവും മനുഷ്യരുടെ വശവും ചേർത്ത് പറഞ്ഞിട്ടുണ്ട്–ഉദാഹരണമായി എഫെസ്യർ 2:8: "വിശ്വാസം മൂലം [മനുഷ്യന്റെ ഭാഗം] കൃപയാലത്രെ [ദൈവത്തിന്റെ ഭാഗം] നാം രക്ഷിക്കപ്പെടുന്നത് ..." എങ്ങനെയായാലും, രക്ഷ എങ്ങനെയാണ് ദൈവത്തിന്റെ ദാനമായി തീരുന്നത് ("കൃപയാൽ") എന്ന് വ്യക്തമായി പുതിയ നിയമഎഴുത്തുകാർ പറയുന്നില്ല. അതേസമയം, ആ ദാനം മനുഷ്യർ സ്വീകരിക്കുവാനായി ചിലത് ചെയ്യണം ("വിശ്വാസത്താൽ"). തീർച്ചയായും, മനുഷ്യർക്ക് ചെയ്യുവാൻ കഴിയാത്തത് ദൈവം ചെയ്തു എന്ന് അറിഞ്ഞാൽ മതി. എങ്കിലും മനുഷ്യരുടെ ഭാഗത്തു നിന്നു ചെയ്യേണ്ടത് നാം ചെയ്യണം. ഫിലിപ്പിയർ 2:12, 13 നെ കുറിച്ച് ഒരു വ്യാഖ്യാതാവ് എഴുതി,

> സ്വതന്ത്ര മാനുഷിക ഏജൻസിയും ദൈവത്തിന്റെ പരമാധികാരവും എന്ന രണ്ട് യാഥാർത്ഥ്യങ്ങളെയാണ് ഇവിടെ പറയുന്നത്. വേല എന്നു പറയുന്നത് ദൈവത്തിന്റേതാണ്, അതേ സമയം മനുഷ്യന്റേതുമാണ്. ദൈവം പകുതി ജോലി ചെയ്തിട്ട് ബാക്കി പകുതി മനുഷ്യനു ചെയ്യുവാനല്ല വെച്ചിരിക്കുന്നത്. മുഴുവൻ വേലയും ദൈവത്തിന്റേതും, മുഴുവൻ വേലയും മനുഷ്യന്റേതുമാണ്. ആ ചിന്തയിലെ പോരാട്ടം നിരപ്പിലെത്തിക്കുവാനല്ല പൗലൊസ് ശ്രമിക്കുന്നത്.[6]

**മനസോടെ ചെയ്യുക (2:14)**

**[14]എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ.**

**വാക്യം 14**. ആളുകൾ മനസോടെ വേല ചെയ്യുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. **എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ**. "പിറുപിറുപ്പ്" എന്നത് തർജിമ ചെയ്തിരിക്കുന്നത് *ഗോങ്കസ്മോസ്* ആണ്, "രഹസ്യത്തിലുള്ള അതൃപ്തി പ്രകടിപ്പിക്കൽ, പിറുപിറുക്കൽ, പരാതി." എന്നു പറയാം.[7] മരുഭൂമിയിൽ വെച്ച് ദൈവത്തോട് മൽസരിച്ച യിസ്രായേലിനെ കുറിച്ച് പറയുമ്പോൾ, LXXആ വാക്ക് ഉപയോഗിച്ചിരിക്കുന്നു (പുറ. 15:24; 16:7, 8; സംഖ്യാ. 11:1; 16:4). 1 കൊരിന്ത്യർ 10:10 ൽ ഈ മുന്നറിയിപ്പ് നൽകുവാൻ പൗലൊസ് യിസ്രായേല്യരുടെ ഉദാഹരണം പറഞ്ഞിരിക്കുന്നു: "അവരിൽ ചിലർ പിറുപിറുത്ത് സംഹാരിയാൽ  നശിച്ചുപോയതുപോലെ നിങ്ങൾ പിറുപിറുത്ത് നശിച്ചുപോകരുത്."

"വാദം" എന്നു തർജിമ ചെയ്തിരിക്കുന്നത് ഗ്രീക്ക് സംയുക്ത വാക്ക് *ഡയലോജിസ്മോസ്* ആണ്, "ആന്തരിക വിവേചനത്തെ" ആണ് ആ വാക്ക് പറയുന്നത്,[8] എന്നാൽ പുതിയ നിയമത്തിൽ ആ വാക്കിന്റെ പ്രധാനപ്പെട്ട അർത്ഥം "ദുർവ്വിചാരങ്ങൾ" എന്നാണ്.[9] "ചോദ്യം ചെയ്യൽ" എന്നാണ് ഏഎസ്‌വി ആ വാക്ക് തർജിമ ചെയ്തിരിക്കുന്നത്. സിഐബിയിൽ "തർക്കിക്കൽ" എന്നാണ്.

അവരുടെ വാദം ദൈവത്തോടായിരുന്നോ അതോ മറ്റു ക്രിസ്ത്യാനികളോടായിരുന്നോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ഫിലിപ്പിയയിലുള്ള പ്രശ്നങ്ങളെ കുറിച്ചാണ് ആ വേദഭാഗം പറയുന്നതെന്നു കരുതുന്നവർ അവിടെ പറയുന്ന വാദം ക്രിസ്ത്യാനികൾ തമ്മിലായിരുന്നു എന്നതിനോട് അനുകൂലിക്കുന്നു. വേറെ ചിലർ അതു ദൈവത്തോടായിരുന്നു എന്നു വിശ്വസിക്കുന്നു–ഇയ്യോബിനെ പോലെ ഫിലിപ്പിയരും "ദൈവത്തോടു വാദിപ്പാനും," കേസ് ദൈവമുൻപാകെ നിരത്തുവാനും ശ്രമിച്ചു (ഇയ്യോ. 31:35–37 നോക്കുക). രണ്ടു വ്യാഖ്യാനങ്ങളേയും വേർതിരിക്കുന്നത് അനാവശ്യമാണ്. യിസ്രായേൽമക്കൾ മോശെയെ കുറിച്ച് പരാതിപ്പെട്ടപ്പോൾ (സംഖ്യാ. 16:41), അവർ യഹോവക്കെതിരായിട്ടായിരുന്നു പിറുപിറുത്തത് (സംഖ്യാ. 17:10). സഭയിലെ അംഗങ്ങൾക്ക് പൊരുത്തപ്പെടാൻ കഴിയാതിരുന്നാൽ ദൈവം അത് വ്യക്തിപരമായിട്ടാണ് നോക്കുന്നത് (1 യോഹ. 4:20).

**കുറ്റമില്ലാതെ പ്രവർത്തിക്കുക (2:15)**

**[15]നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും ദൈവത്തിന്റെ നിഷ്ക്കളങ്കമക്കളും ആകേണ്ടതിന്നു അവരുടെ ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ട് ജ്യോതിസുകളെ പോലെ പ്രകാശിക്കുന്നു.**

**വാക്യം 15.** ക്രിസ്ത്യാനികൾ *അനിന്ദ്യരായി* പ്രവർത്തിക്കണം. "എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്‌വിൻ." (2:14). അവൻ തുടർന്നു, അങ്ങനെ നിങ്ങൾ അനിന്ദ്യരും പരമാർത്ഥികളും നിഷ്ക്കളങ്കരും ആകേണ്ടതിന്ന്.

ഏതു തരത്തിലുള്ള സ്വഭാവമാണ് ഒരു ക്രിസ്ത്യാനിക്ക് ആവശ്യം? ഒരു ക്രിസ്ത്യാനി "അനിന്ദ്യമായിരിക്കണം" എന്നാണ് പൗലൊസ് ആദ്യം പറഞ്ഞത്.

“അനിന്ദ്യം” എന്നു തർജിമ ചെയ്ത ഗ്രീക്ക് വാക്ക് “കുറ്റമില്ലാത്ത” എന്നതിനു 1:10–ൽ ഉപയോഗിച്ച വാക്കല്ല ഇവിടെ. അർത്ഥം ഒരേപോലെയാണ്. ഇവിടെ, നിഷേധ രൂപത്തിൽ “പരാതിയുടെ കാരണം, അല്ലെങ്കിൽ അടിസ്ഥാനം.” *അമെംപ്റ്റോസ്* എന്ന വാക്കിന്റെ വകഭേദമാണ്, അത് സംയോജിപ്പിച്ചിരിക്കുന്നത് (*മെംപ്റ്റോസ്* എന്നും *മെംപ്റ്റോമായി* എന്നുമാണ്, “കുറ്റം കണ്ടെത്തുക”)[10] ഈ വാക്കിന് “കുറ്റം ഇല്ലാതെ” എന്നും അർത്ഥം ഉണ്ട്. ദൈവം തന്റെ കൃപയാൽ പാപങ്ങളെ മുഴുവൻ മോചിപ്പിക്കുമ്പോൾ മാത്രമാണ് ഒരാൾ കുറ്റമില്ലാത്തവൻ ആകുന്നത്. ഈ വേദഭാഗത്തിൽ, എങ്ങനെയായാലും, “വിമർശനം ചൂണ്ടിക്കാണിക്കുവാനില്ലാത്ത ജീവിതത്തെയാണ്” പറയുന്നത്.[11]

പിന്നെ അപ്രതീക്ഷിതമായ ഒരു വാക്ക് പൗലൊസ് കൂട്ടിച്ചേർത്തു: “നിഷ്ക്കളങ്കർ.” ഇന്നു നിഷ്ക്കളങ്കത ഒരു വലിയ ഉയർന്ന ഗുണമായി പലരും കരുതുന്നില്ല. അജ്ഞത, പരിചയക്കുറവ്, പരമാർത്ഥി എന്നിവയോട് തുല്യമായ വാക്കാണ് അത്. എങ്കിലും, കർത്താവ് നമ്മിൽനിന്നും ആഗ്രഹിക്കുന്നത് “നാം പ്രാവിനെ പോലെ കളങ്കമില്ലാത്തവർ” ആകുവാനാണ് (മത്താ. 10:16). “നിഷ്ക്കളങ്കത” എന്നതിനു അവിടെയും മത്തായി 10:16 ലും ഉപയോഗിച്ചിരിക്കുന്നത് *അകെരായിയോസ്* എന്ന വാക്കാണ്, അത് നിഷേധ രൂപത്തിലുള്ള പ്രെഫിക്സ് ഏയോടുകൂടിയ വാക്കിൽനിന്നും *കെരാന്നുമി*യുമാണ്, “കലർത്തുക..” അതിന്റെ അർത്ഥം, “കലർത്താത്ത.” വെള്ളം ചേർക്കാത്ത വീഞ്ഞിന്, അല്ലെങ്കിൽ ലോഹത്തോട് മറ്റൊരു ലോഹം ചേർക്കാത്തതിന് ഗ്രീക്കുകാർ ഉപയോഗിച്ചിരുന്ന വാക്കാണ് അത്.[12] ഇവിടെ, കർത്താവ് ആവശ്യപ്പെടുന്ന ഹൃദയത്തെയാണ് പറയുന്നത്: ദുഷ്ടത കലരാത്ത നല്ല ഹൃദയം, എൻഐവിയിലും സിജെബിയിലും “നിർമ്മലമായ” എന്നാണ്. ക്രിസ്ത്യാനികൾ പുറമെ മാത്രം നല്ലവരായിരുന്നാൽ (അനിന്ദ്യർ) പോരാ, ഉള്ളിലും നല്ലവരായിരിക്കണം (“നിഷ്ക്കളങ്കർ”).

പരമാർത്ഥികളും നിഷ്ക്കളങ്കരും എന്ന ഗുണങ്ങളെ ചുരുക്കി പറഞ്ഞ വാക്കാണ് **അനിന്ദ്യർ**. “അനിന്ദ്യർ.” തർജിമ ചെയ്തിരിക്കുന്നത് ഒറ്റ വാക്കാണ്, മോമോസ് എന്നും “കുറ്റം” “തെറ്റ്” “പരിഹസിക്കുക” “നിന്ദിക്കുക.”[13] ക്രിസ്തുവിന്റെ മതത്തിന് യാതൊരു അപമാനവും നാം വരുത്താതെ ജീവിക്കണം. ചിലർ എതിർത്തേക്കാം, എന്നാൽ പൗലൊസ് ലോകത്തെ “വക്രതയും കോട്ടവുമുള്ള തലമുറ” എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. “അപ്പോൾ പാപത്തിലും അഭക്തിയിലും ജീവിക്കുന്ന ലോകം ചിന്തിക്കുന്നത് എന്തു മാറ്റമാണ് വരുത്തുന്നത്?” നാം ലോകത്തെ നന്മക്കായി സ്വാധീനിക്കുന്നതിനാൽ ലോകത്തിനു മാറ്റമുണ്ടാകും, കാരണം ആളുകൾ പിശാചിന്റെ അന്ധകാരരാജ്യം വിട്ട് ക്രിസ്തുവിന്റെ പ്രകാശമുള്ള രാജ്യത്തിൽ പ്രവേശിക്കും (കൊലൊ. 1:13 നോക്കുക).

നാം അനിന്ദ്യരാണെങ്കിൽ “വെളിച്ചം” പോലെ പ്രകാശിക്കും. ഫിലിപ്പിയർ 2:15–ൽ പറയുന്നതുപോലെ, “ജ്യോതിസുകൾ” എന്നത് എൻഏഎസ്ബിയുടെ കുറിപ്പിൽ പറയുന്നത്, “തേജോ ഗോളം, നക്ഷത്രങ്ങൾ” എന്നാണ്, “പ്രകാശങ്ങൾ” എന്നതിന് ഉപയോഗിച്ച ഗ്രീക്ക് വാക്ക് *ഫിസ്റ്റർ* എന്നാണ്, അത് ൽ ആകാശത്തിലെ വെളിച്ചങ്ങളെയാണ് സൂചിപ്പിക്കുന്നത്: സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ (ഉല്. 1:14–18). നക്ഷത്രങ്ങളിലേക്ക് കണ്ണോടിക്കുന്നത് ഊഹിക്കുക. ആകാശത്തിലെ കറുത്ത പ്രതലത്തിൽ, ചിതറി കിടക്കുന്ന നക്ഷത്രങ്ങളെ നോക്കുക.

ക്രിസ്ത്യാനിയുടെ "പ്രകാശങ്ങളുടെ" ഇരുണ്ട പശ്ചാത്തലം "വക്രതയും കോട്ടവും ഉള്ള തലമുറയാണ്." സിജെബിയിൽ "വക്രതക്ക്" പകരം "മറിച്ചുകളഞ്ഞ" "കോട്ടം" എന്നതിനു പകരം എൻഐവിയിൽ "തലതിരിഞ്ഞ" എന്നാണ്. ഏതെല്ലാം വാക്കുകൾ ഉപയോഗിച്ചാലും, ഈ ലോകം ഇരുട്ടിലാണ് എന്നതാണ് സന്ദേശം. പഴയനിയമത്തിൽ യിസ്രായേൽ മക്കളുടെ മൽസരത്തെ കാണിക്കുവാൻ അതേ വാക്ക് ഉപയോഗിച്ചിരിക്കുന്നു (ആവ. 32:5).

**സ്ഥിരോൽസാഹത്തോടെ പ്രവർത്തിക്കുക (2:16)**

**16അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയല്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസയുണ്ടാകും.**

**വാക്യം 16**. സ്ഥിരതയോടുംകൂടെ വേണം നാം പ്രവർത്തിക്കുവാൻ. വാക്യം 14–ൽ ആരംഭിച്ചത് ഇനിയും അവസാനിച്ചിട്ടില്ല. "ലോകത്തിൽ ജ്യോതിസുകളെ പോലെ പ്രകാശിപ്പിപ്പാൻ" ഫിലിപ്പിയർക്ക് വെല്ലുവിളി നൽകിയ ശേഷം, **ജീവന്റെ വചനം പ്രമാണിച്ചുകൊൾവാനാണ്** പൗലൊസ് പറഞ്ഞത്. കയ്യിൽ–പിടിക്കുന്ന വിളക്കിൽനിന്നു നക്ഷത്രത്തിന്റെ പ്രകാശത്തിലേക്ക് ഉയരുന്ന ഉപമയാണ് വ്യക്തമാക്കിയിരിക്കുന്നത്. ആരെങ്കിലും കയ്യിൽ ടോർച്ച് പിടിച്ചിരിക്കുന്നത് ഊഹിക്കുക. സന്ദർഭത്തിൽ, മറ്റുള്ളവർക്ക് വഴി കാണിച്ചുകൊടുക്കുന്നതായിട്ടാണ് ഈന്നി പറയുന്നത്. "പ്രമാണിക്കുക" എന്നതിനു ഉപയോഗിച്ച ഗ്രീക്ക് വാക്ക് "ഹോൾഡിങ് ഫോർത്ത്" എന്നും തർജിമ ചെയ്യാം.[14] രണ്ട് ആശയവും കൂടെ ചേർത്തു പറയാം: മറ്റുള്ളവർക്ക് കണ്ട് പിൻപറ്റുവാൻ നാം വെളിച്ചം ഭദ്രമായി കാണിച്ചുകൊടുക്കണം.

ദൈവവചനമായ "ജീവന്റെ വചനം" നാം ശരിയായി മനസിലാക്കണം. ദൈവ വചനം തന്റെ പാതക്ക് പ്രകാശമാണെന്നായിരുന്നു സങ്കീർത്തനക്കാരൻ പറഞ്ഞത് (സങ്കീ. 119:105). അത് ആത്മീയ ജീവൻ നൽകുന്നതിനാലാണ് അതിനെ "ജീവന്റെ വചനം" എന്നു വിളിച്ചിരിക്കുന്നത്. "ജീവൻ നൽകുന്ന ഉപദേശം" എന്നാണ് എൻസിവി അതിനെ വിളിച്ചിരിക്കുന്നത്. യേശുവിനെ ചില എഴുത്തുകാർ "ജീവന്റെ വചനം" എന്നു വിശേഷിപ്പിച്ചിട്ടുണ്ട് (1 യോഹ. 1:1) വീണ്ടും, രണ്ട് ആശയവും തമ്മിൽ അൽപ വ്യത്യാസം കാണാം. അവനെ വെളിപ്പെടുത്തുന്ന പുതിയനിയമം പ്രമാണിക്കാതെ നമുക്ക് ജീവന്റെ വചനം പ്രമാണിക്കുവാൻ സാധ്യമല്ല.

തന്റെ വായനക്കാർ സ്ഥിരോൽസാഹമുള്ളവരാകുവാൻ അപ്പൊസ്തലൻ വേറെയും കാരണം പറയുന്നു: **അങ്ങനെ ഞാൻ ഓടിയതും അദ്ധ്വാനിച്ചതും വെറുതെയായില്ല എന്നു ക്രിസ്തുവിന്റെ നാളിൽ എനിക്ക് പ്രശംസ ഉണ്ടാകും.** "ക്രിസ്തുവിന്റെ നാൾ" എന്നു പറയുന്നത് യേശു മടങ്ങി വന്നു എല്ലാവരേയും ന്യായം വിധിക്കുന്ന ദിവസമാണ്. ആ നാളിൽ, അപ്പൊസ്തലൻ പറയുന്ന "പ്രശംസക്കുള്ള കാരണം," അല്ലെങ്കിൽ എൻഐവി പറയുന്നതുപോലെ "പ്രശംസിപ്പാൻ" ഇടവരും. തന്നെ കുറിച്ചു പ്രശംസിപ്പാൻ പൗലൊസ് ആഗ്രഹിച്ചില്ല (ഗലാ. 6:14 നോക്കുക), പക്ഷെ ഫിലിപ്പയരെ കുറിച്ച് പ്രശംസിപ്പാൻ അവൻ ആഗ്രഹിച്ചു–അവർ സ്ഥിരോൽസാഹത്തിൽ എങ്ങനെ അവസാനത്തോളം വിശ്വസ്തരായിരുന്നു എന്നതിന്.

അവർ അങ്ങനെ ആയിരുന്നതിനാൽ, അവൻ "ഓടിയതും അദ്ധ്വാനിച്ചതും

വെറുതെയായില്ല" എന്നു പറയുവാൻ കഴിഞ്ഞു. ആ പ്രസ്താവനയിൽ രണ്ട് സാമ്യങ്ങൾ കാണാം. ഒരു ഓട്ടക്കാരൻ, തന്റെ പ്രയത്നങ്ങളെല്ലാം കഴിഞ്ഞ ശേഷം അയോഗ്യനായി പ്രഖ്യാപിച്ചാൽ അവന്റെ ഓട്ടം വെറുതെയായി തീരും. രണ്ടാമത് പറഞ്ഞത് ഒരു വിദഗ്ധ ശിൽപി തന്റെ ഉൽപനത്തിനു ന്യുനത സംഭവിച്ചാൽ വിൽക്കാൻ കഴിയാതെ വരും. അപ്പോഴും അവന്റെ അദ്ധ്വാനം വെറുതെയായി പോകും. പൗലൊസ് ഒരു കൂടാരപ്പണിക്കാരനായിരുന്നതിനാൽ (പ്രവൃ. 18:2, 3). കൂടാരത്തിനു ഉപയോഗിച്ചിരുന്ന തുണി തയ്ക്കുന്ന പ്രാഗത്ഭ്യമായിരിക്കാം അവന്റെ മനസിൽ ഉണ്ടായിരുന്നത്. പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്ന "അദ്ധ്വാനം" എന്തായിരുന്നാലും, താൻ രക്ഷിക്കപ്പെടുമോ അല്ലെങ്കിൽ നഷ്ടപ്പെടുമോ എന്നതായിരുന്നില്ല വേദഭാഗത്തിലെ അവന്റെ ചിന്ത. തന്റെ രക്ഷയെ കുറിച്ച് പൗലൊസിനു ഉറപ്പുണ്ടായിരുന്നു (ഫിലി. 2:21, 23). മറിച്ച്, താൻ ഫിലിപ്പിയയിൽ ചെലവഴിച്ച സമയവും ഊർജവും പാഴായി പോകരുത് എന്നതായിരുന്നു അവന്റെ ചിന്ത.

**സന്തോഷത്തോടെ പ്രവർത്തിക്കുക (2:17, 18)**

**17 എന്നാൽ നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടി വന്നാലും ഞാൻ സന്തോഷിക്കും; നിങ്ങളോട് എല്ലാവരോടുംകൂടെ സന്തോഷിക്കും. 18 അങ്ങനെ തന്നെ നിങ്ങളും സന്തോഷിപ്പിൻ; എന്നോടുകൂടെ സന്തോഷിപ്പിൻ.**

ഫിലിപ്പിയരുടെ ഇടയിൽ തന്റെ അദ്ധ്വാനം വൃഥാവായിരുന്നില്ല എന്നു പൗലൊസ് ഉറപ്പിച്ചു പറയുന്നു. വർദ്ധിച്ചുവരുന്ന സന്തോഷം പ്രകടിപ്പിച്ചുകൊണ്ടാണ് വേദഭാഗം അവസാനിപ്പിക്കുന്നത്. സാഹചര്യമെന്തായാലും, നാം സന്തോഷിക്കണം–അതിൽ നമ്മുടെ പ്രയത്നവും ഉൾപ്പെടുന്നു.

**വാക്യം 17, 18.** ലേഖനത്തിലെ തന്നെ ഏക "വ്യക്തിപരമായ പരാമർശങ്ങളെന്ന്" വിശേഷിപ്പിക്കാവുന്നതാണ് ഈ രണ്ട് വാക്യങ്ങൾ.[15] യാഗം കഴിക്കുന്ന പുരോഹിതന്റെ സാമ്യമാണ് ഇവിടെ നൽകുന്നത്. തന്നെ **ഒരു പാനിയ യാഗമായി അർപ്പിക്കുന്നതായി** പറഞ്ഞുകൊണ്ടാണ് തുടങ്ങുന്നത്. മൂലഗ്രന്ഥത്തിലെ അക്ഷരികമായ അർത്ഥം, "ഒഴിക്കുക" എന്നാണ്, എന്നാൽ സാധാരണ ഉപയോഗിച്ചിരിക്കുന്ന ക്രിയ പറയുന്നത് പാനിയ യാഗത്തെ അല്ലെങ്കിൽ ജലതർപ്പണത്തെയാണ്.[16] യെഹൂദന്മാരുടേയും അന്യദേവന്മാരെ നമസ്കരിക്കുന്നവരുടേയും ഇടയിൽ ജലതർപ്പണം (പാനിയ യാഗം) ഒരു മതപരമായ ആഘോഷമായിരുന്നു. (യെഹൂദന്മാരുടെ പാനിയ യാഗങ്ങളെ കുറിച്ച് അറിയുവാൻ, സംഖ്യാ. 15:5, 7, 10; 28:7, 14; ഹോശെ. 9:4.) ആസന്നമായ മരണത്തെ സൂചിപ്പിച്ചുകൊണ്ടായിരിക്കാം പൗലൊസ് ആ ഭാഷ ഉപയോഗിച്ചത്. തന്റെ മനസിൽ മരണം ഉടനെ സംഭവ്യമാണെന്ന ചിന്തയായിരുന്നു അപ്പൊസ്തലന്റെ മനസിൽ, കാരണം അവൻ അത് വർത്തമാന കാലത്തിലാണ് ഉപയോഗിച്ചത്. എങ്ങനെയായാലും, അപ്പൊസ്തലൻ റോമാക്കാരാൽ മരണശിക്ഷക്കു വിധിക്കപ്പെടുമ്പോൾ–അവന്റെ തല ശരീരത്തിൽനിന്നു ഛേദിക്കപ്പെടും–അതിനെ അവൻ ഭയപ്പെടുന്നില്ല, കാരണം അത് ഒരു ആദരവാണ്. അപ്പോൾ തന്റെ ശരീരത്തിൽ നിന്നൊഴുകുന്ന രക്തം തന്റെ ദൈവമുൻപാകെ സമർപ്പിക്കുന്ന പാനിയയാഗമായിട്ടായിരുന്നു അപ്പൊസ്തലൻ

കണ്ടത്. അവൻ പിന്നീട് തന്റെ രണ്ടാം റോമൻ തടവിനു ശേഷം മരണത്തിനു വിധിക്കപ്പെട്ടു കഴിയുമ്പോഴും അവൻ ഇതേ ഭാഷ ഉപയോഗിക്കുകയുണ്ടായി (2 തിമൊ. 4:6).

[ഫിലിപ്പിയരുടെ] **വിശ്വാസ ശുശ്രൂഷയിലും യാഗത്തിലും പാനിയ യാഗം ഒഴിക്കുന്ന** പൗരോഹിത്യ സേവനത്തെ കുറിച്ച് പൗലൊസ് തുടരുകയാണ്. എൻഐവിയിൽ "നിങ്ങളുടെ വിശ്വാസത്തിൽനിന്നു വരുന്ന ശുശ്രൂഷയും യാഗവും" എന്നാണ്. "ഫിലിപ്പിയരുടെ 'വിശ്വാസം' എന്നു പറയുന്നത് അവർ ക്രിസ്തുവിനെ സ്വീകരിച്ച് അവനെ ആശ്രയിക്കുന്നതു മാത്രമല്ല, അവരുടെ പ്രവൃത്തികളും ധ്യാനവും വിശ്വാസത്തെ പ്രകടിപ്പിക്കുന്നതായിരുന്നു."[17] ഫിലിപ്പിയരുടെ വിശ്വാസം ദൈവത്തിനു യാഗം കഴിക്കുന്നതായിട്ടാണ് പൗലൊസ് കണ്ടത് (റോമർ 12:1, 2; ഫിലി. 4:18; എബ്രാ. 13:15, 16). തന്റെ മരണം എന്ന ജലതർപ്പണത്തോട് അവരുടെ യാഗമായ ജീവിതവും കൂട്ടിച്ചേർക്കുകയായിരുന്നു–എല്ലാം കർത്താവിനുള്ള യാഗമാണ്.

പൗലൊസ് തന്റെ മരണത്തെ കുറിച്ച് പറഞ്ഞപ്പോൾ, അവനു വിലപിക്കുവാൻ കാരണമുണ്ടായിരുന്നോ? ഇല്ല. അത് സന്തോഷിക്കുവാനുള്ളതായിരുന്നു. **ഞാൻ സന്തോഷിക്കും; നിങ്ങളോടെല്ലാവരോടുംകൂടെ സന്തോഷിക്കും.** തന്റെ മരണം ഫിലിപ്പിയരെ ദുഃഖിപ്പിക്കും എന്ന് പൗലൊസിന് അറിയാമായിരുന്നു. 2:26, 28–ൽ എപ്പഫ്രൊസ് രോഗിയായി കിടക്കുന്നു എന്നു കേട്ടപ്പോൾ അത് അവരെ വല്ലാതെ വേദനിപ്പിച്ചുഎങ്കിൽ, അപ്പൊസ്തലന്റെ മരണത്തെ കുറിച്ചു കേൾക്കുമ്പോൾ അവരുടെ പ്രതികരണം എന്തായിരിക്കും? സന്തോഷിക്കുവാനായിരുന്നു അവൻ അവരോട് അപേക്ഷിച്ചത്: **അങ്ങനെ തന്നെ നിങ്ങളും സന്തോഷിപ്പിൻ; എന്നോടുകൂടെ സന്തോഷിപ്പിൻ.** "സന്തോഷം" എന്നതിന്റെ ഗ്രീക്ക് വാക്ക് (*ചാരിയോ*) വാക്യം 17 ലും 18 ലും നാല് പ്രാവശ്യം കാണാം. ഫിലിപ്പിയയിലെ തന്റെ പ്രയത്നം വൃഥാവായില്ല എന്ന് അവനു ഉറപ്പുണ്ടായിരുന്നു. അവൻ കൊല്ലപ്പെട്ടുവെങ്കിൽ, കർത്താവിനോടുകൂടെ ചേരുവാൻ അവന്റെ ഭവനത്തിലേക്ക് പോകും (1:23).

## പ്രായോഗികത

### അംഗീകാരമില്ലാത്ത പ്രവർത്തനം (2:12)

ഞാൻ കുട്ടിയായിരുന്നപ്പോൾ എന്റെ അമ്മയപ്പന്മാർ എനിക്ക് ഒരു ജോലി ചെയ്യുവാൻ തന്നു. അവർ നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഞാൻ വളരെ നന്നായി ജോലി ചെയ്യും. അവർ എന്നെ തനിയെ വിട്ടിട്ട് പോകുമ്പോൾ, ചിലപ്പോൾ ഞാൻ ജോലി ചെയ്യുന്നതിനു പകരം കളിച്ചുകൊണ്ടിരിക്കും. ചില വ്യക്തികൾ വലുതായാലും, "കുട്ടിത്തം" വിട്ടുകളയുകയില്ല (1 കൊ. 13:11 നോക്കുക; കെജെവി). അവർ തങ്ങളുടെ ജോലിക്ക് നിയമിച്ചവരുടെ സാന്നിധ്യത്തിൽ നന്നായി ജോലി ചെയ്യും. അവരുടെ അസാന്നിധ്യത്തിൽ അവർ ജോലി ചെയ്യുകയില്ല. അത്തരം ആളുകൾ "ദൃഷ്ടിസേവകരും മനുഷ്യരെ–പ്രസാദിപ്പിക്കുന്നവരും" ആണെന്നാണ് പൗലൊസ് പറഞ്ഞത് (എഫെ. 6:6).

ഖേദമെന്നു പറയട്ടെ, ചില ആളുകൾ തങ്ങളുടെ ആത്മിയ ഉത്തരവാദിത്തങ്ങളിലും അങ്ങനെയാണ്. തങ്ങൾ ചെയ്യുന്നത് മറ്റുള്ളവർ കാണുകയാണെങ്കിൽ, അവരുടെ മതപരമായ പ്രവൃത്തികൾ വളരെ ഗൗരവത്തോടെ ചെയ്യും. ആരും നോക്കുന്നില്ലെങ്കിൽ അവരുടെ സമയവും താലന്തും യജമാനനായി

ഉപയോഗിക്കുകയില്ല. ഫിലിപ്പിയർ അങ്ങനെ ആകുവാൻ പൗലൊസ് ആഗ്രഹിച്ചില്ല. എൻസിവിയിൽ "ഞാൻ അരികത്തിരിക്കുമ്പോൾ ചെയ്യുന്നതിനേക്കാൾ പ്രാധാന്യത്തോടെ ദൂരത്തിരിക്കുമ്പോൾ ചെയ്യണം." (2:12). അവരുടെ അനുസരണം ആ സമയത്തും "പ്രധാനപ്പെട്ടതായിരുന്നു" കാരണം (1) വിട്ടുകളയുവാനുള്ള സമ്മർദ്ദം ഏറി വരികയായിരുന്നു (1:28–30), (2) പൗലൊസിന്റെ പ്രോൽസാഹനം ലഭിച്ചില്ലെങ്കിൽ ചിലർ തെറ്റിപ്പോകുവാനും സാധ്യതയുണ്ടായിരുന്നു. നിങ്ങളും ഞാനും ദൈവത്തെ അനുസരിക്കുന്നത് എന്തിനാണ്? നാം ചെയ്യുന്ന പ്രവൃത്തികൾ ആരും നോക്കിയില്ലെങ്കിലും, നന്ദി പറഞ്ഞില്ലെങ്കിലും, നാം വിശ്വസ്തമായി കർത്താവിനെ അനുഗമിക്കണം. ക്രിസ്ത്യാനിയായി പക്വതയിലെത്തുവാൻ നാം ദൈവത്തെ അനുസരിക്കണം.

### പിറുപിറുപ്പ് കൂടാതെ പ്രവർത്തിക്കുക (2:14)

"പിറുപിറുപ്പും വാദവും" എന്നു കേൾക്കുമ്പോൾ എനിക്ക് ചില കുട്ടികളെയാണ് ഓർമ്മ വരുന്നത്. അവരുടെ മാതാപിതാക്കൾ എന്തെങ്കിലും ചെയ്യുവാൻ പറയുമ്പോൾ, അവർ പിറുപിറുക്കുകയും ചിലപ്പോൾ, അവരുടെ അപ്പനോടും അമ്മയോടും വാദിക്കുകയും ചെയ്യും. നമ്മുടെ സ്വർഗിയ പിതാവിന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്നതിനേക്കാൾ ക്രിസ്ത്യാനികൾ പക്വത കൈവരിക്കുവാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്.

"എല്ലാം പിറുപിറുപ്പും വാദവും കൂടാതെ ചെയ്വിൻ" എന്നത് പൊതുവായി പ്രയോഗിക്കുവാനുള്ളതാണ്, എന്നാൽ, സന്ദർഭത്തിൽ, പ്രത്യേകമായി പറയുന്നത് കർത്താവിനു വേണ്ടി ചെയ്യുന്ന വേലയെ സംബന്ധിച്ചാണ്. തുടർച്ചയായി പിറുപിറുപ്പും വാദവുമായി നടക്കുന്ന ചില സജീവ പ്രവർത്തകർ തങ്ങളുടെ പരിശ്രമങ്ങളെ നശിപ്പിക്കുകയാണ് ചെയ്യുന്നത്. നാം അവന്നു വേണ്ടി പ്രവർത്തിക്കുമ്പോൾ പിറുപിറുക്കുകയും വാദിക്കുകയും ചെയ്യുകയാണെങ്കിൽ കർത്താവ് അതിനോട് എങ്ങനെ പ്രതികരിക്കും? ആരെങ്കിലും നിങ്ങൾക്ക് ഒരു നല്ല സമ്മാനം തന്നു എന്നു വിചാരിക്കുക, അത് നിങ്ങൾ ഏറെ നാളായി ആഗ്രഹിച്ച–നല്ല ആകർഷണിയമായ സമ്മാനമാണ്. എങ്ങനെയായാലും, അയാൾ അത് നൽകിയപ്പോൾ, അതിനു കൊടുത്ത വിലയെ കുറിച്ചു പരാതി പറയുകയും, അല്ലെങ്കിൽ സമ്മാനം ഒന്നും നിങ്ങൾക്ക് തരാതിരുന്നെങ്കിൽ എന്ന സൂചന നൽകുകയും ചെയ്തു എങ്കിൽ നിങ്ങൾക്ക് എന്തു തോന്നും? നിങ്ങൾ ഒരുപക്ഷെ ആ സമ്മാനം അയാൾക്ക് തിരിച്ചു കൊടുത്തേക്കാം! ഇനി അവന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് പ്രർത്തിക്കുന്ന നാം നമ്മുടെ ജോലിയെ കുറിച്ചോ മറ്റോ പിറുപിറുക്കുകയും തർക്കിക്കുകയും ചെയ്താൽ കർത്താവിന്ന് എന്തു തോന്നും? നാം നല്ല മനോഭാത്തോടെ സ്വമനസാലെ വേണം കർത്തൃവേല ചെയ്യുവാൻ.

### ഇടർച്ച വരുത്താതെ പ്രവർത്തിക്കുക (2:15)

ഒരവസരത്തിൽ, എന്റെ വീടിന്റെ അറ്റകുറ്റപ്പണികൾക്കായി ജോലിക്കാരെ കൂലിക്ക് ആക്കി. ജോലിക്കാർ വിശ്വസ്തരും, ഉൽസാഹമുള്ളവരും, പ്രാഗത്ഭ്യമുള്ളവരും ആയിരിക്കുവാൻ ഞാൻ ആഗ്രഹിച്ചു–എന്നാൽ അവരുടെ വ്യക്തിപരമായ ജീവിതത്തെ കുറിച്ച് എനിക്ക് ഒന്നും അറിയില്ലായിരുന്നു. ലോകപ്രകാരമുള്ള ജോലി ചെയ്യുന്ന പലരും ദൈവഭക്തിയില്ലാത്തവരും, ആത്മിയമായ ഒരു ബന്ധം പോലുമില്ലാത്തവരായിരിക്കും. എന്നാൽ ആത്മി

യമായ ജോലി അങ്ങനെയല്ല.

ഒരിക്കൽ, വൊക്കേഷണൽ കാർഷിക അദ്ധ്യാപകനായിരുന്ന എന്റെ അപ്പൻ ആദ്യമായി എന്നെയും മറ്റു വിദ്യാർത്ഥികളെയും ഓക്ലഹോമ സിറ്റിയിലുള്ള ഓക്ലഹോമ സ്റ്റെയിറ്റ് ഫെയറിലേക്ക് കൊണ്ടുപോയത് ഓർക്കുന്നു. അവിടെ ഞങ്ങളുടെ കൃഷിസ്ഥലത്തെ മൃഗങ്ങളെ മൽസരത്തിൽ പങ്കെടുപ്പിക്കുന്നതിനാണ് കൊണ്ടുപോയത്. ഏറ്റവും നല്ല മൃഗങ്ങൾക്ക് സമ്മാനവും ലഭിക്കും. അപ്പൻ ഞങ്ങളെ വിട്ട് സൗത്ത് വെസ്റ്റേൺ ഓക്ലഹോമയിലേക്ക് ക്ലാസ് എടുക്കുവാൻ തിരിച്ചുപോയി. പോകുമ്പോൾ, "റോപ്പർ" എന്നു പേരുള്ള അദ്ദേഹത്തിന്റെ ജാക്കറ്റ് എനിക്ക് തന്നിട്ട് പറഞ്ഞു, "മറക്കരുത്" അത് "എന്റേയും കൂടെ പേരാണ്." അദ്ദേഹം പറഞ്ഞതിന്റെ അർത്ഥം വളരെ വ്യക്തമാണ്: അദ്ദേഹത്തിന്റെ അസാന്നിധ്യത്തിൽ ഞാൻ എന്തു ചെയ്താലും അതിന്റെ പ്രതിഫലനം അദ്ദേഹത്തിലും എത്തും. അതുപോലെ ക്രിസ്ത്യാനികളായ നാം ചെയ്യുന്നതെല്ലാം പിതാവിനെ ബാധിക്കുന്നതാണ്–അതു നല്ലതു ചെയ്താലും മോശമായതു ചെയ്താലും ശരിയാണ്. അതുകൊണ്ട് "നമ്മുടെ പരസ്യമായ പെരുമാറ്റം വിമർശനാതീതമായിരിക്കണം" (റോമർ. 12:17; ഫിലിപ്സ്).

ലോകത്തിൽ ദുഷ്ടത പെരുകി വരുന്നത് കാണുമ്പോൾ എനിക്ക് വിഷമം തോന്നാറുണ്ട്, എന്നാൽ അത് ലോകം എന്നും "വക്രതയും കോട്ടവുമുള്ളതാണ്" എന്ന തിരുവെഴുത്തു സത്യം എന്നെ ഓർപ്പിക്കുകയാണ് (മത്താ. 17:17; പ്രവൃ. 2:40). ലോകം "വക്രതയും കോട്ടവും" ഉള്ളതല്ല എങ്കിൽ "എന്റെ ഈ ചെറിയ വിളക്കിന്റെ" ആവശ്യം ഇല്ലല്ലൊ. നമുക്ക് ചുറ്റും സൂര്യപ്രകാശം ഉള്ളപ്പോൾ ഒരു വിളക്കിന്റെ പ്രകാശം ആവശ്യമില്ല. ലോകത്തിൽ ഇരുട്ട് കൂടുന്തോറും നമ്മുടെ "വെളിച്ചങ്ങളുടെ" ആവശ്യം ഏറുകയാണ്–ആ വെളിച്ചങ്ങളുടെ പ്രകാശവും കൂടുതൽ ശോഭയോടെ തെളിഞ്ഞു വരും.

**ചഞ്ചലരാകാതെ പ്രവർത്തിക്കുക (2:16)**

എങ്ങനെയാണ് നാം വചനം മുറുകെ പിടിക്കുന്നത്–അല്ലെങ്കിൽ പ്രമാണിക്കുന്നത്? നമ്മുടെ ജീവിതത്താൽ (മത്താ. 5:14–16), കൂടാതെ നമ്മുടെ അധരത്താലും ആണ് (മത്താ. 28:18–20). "പ്രസംഗത്തിൽ ഉൽസാഹമുള്ളവരാകുവാനായിരുന്നു"[18]– എന്നാണ് പൗലൊസ് ഫിലിപ്പിയരെ പ്രബോധിപ്പിച്ചത് എന്നാണ് പാറ്റ് എഡ്വിൻ ഹാരെൽ പറഞ്ഞത്. ഞാൻ അതിനോട്, "ഉപദേശത്തിലും" എന്നു ചേർക്കുവാൻ ആഗ്രഹിക്കുന്നു.

ജീവന്റെ വചനം പ്രമാണിക്കുവാനും അങ്ങനെ ക്രിസ്തുവിന്റെ നാളിൽ സന്തോഷിക്കുവാനും കഴിയും എന്നായിരുന്നു പൗലൊസ് ഫിലിപ്പിയരെ പ്രബോധിപ്പിച്ചത്. ഫലത്തിൽ, അവൻ ഫിലിപ്പിയരോട് പറഞ്ഞു, "നിങ്ങൾ നിങ്ങളുടെ പ്രയത്നം തുടർന്നില്ല എങ്കിൽ അത് എന്റെ രക്ഷയെ ബാധിക്കുകയില്ല–മറിച്ച് അത് എന്റെ ഹൃദയത്തെ വ്രണപ്പെടു*ത്തും*!"

പൗലൊസിന്റെ കരുതൽ എനിക്ക് മനസിലാക്കുവാൻ കഴിയും. പഠിപ്പിക്കപ്പെട്ടവർ വിശ്വസ്തമായി ജീവിച്ചതിനു ഞാൻ ദൈവത്തോട് നന്ദി ചെലുത്തുന്നു, എന്നാൽ വിശ്വാസം ത്യജിച്ചവരെ ഓർത്ത് ഞാൻ അതീവമായി ദുഃഖിക്കുകയും ചെയ്യുന്നു. ഞാൻ അങ്ങനെയുള്ളവരുമായി മണിക്കൂറുകൾ ചെലവിട്ട് ഉപദേശിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വചനം കൈക്കൊണ്ട ശേഷം കർത്താവിനോടും അവന്റെ ജനത്തോടുമുള്ള ബന്ധം വിഛേദിച്ചു പോകുന്നതിനേക്കാൾ വേദനിപ്പിക്കുന്ന മറ്റൊന്നില്ല.

കുറിപ്പുകൾ

[1]പാറ്റ് എഡ്വിൻ ഹാരെൽ, *ദ ലെറ്റർ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്, ദ ലിവിങ് വേർഡ് കമെന്ററി* (ആസ്റ്റിൻ, ടെക്സ്.: ആർ. ബി. സ്വീറ്റ് കമ്പനി., 1969), 97–98. [2]മാക്സി ഡി. ഡുനാം, *ഗലേഷ്യൻസ്, എഫെഷ്യൻസ്, ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ഫിലെമോൻ, ദ കമ്മൂണിക്കേറ്റേഴ്സ് കമെന്ററി* (വാക്കോ, ടെക്സ്.: വേർഡ് ബുക്സ്, 1982), 285. [3]കാറ്റർഗസോമായി എന്നത് കാറ്റാ, അർത്ഥം "പ്രവൃത്തി" എന്നും എർഗസോമായി എന്നും ചേർന്നുള്ളതാണ്. ഈ കാര്യത്തിൽ ക്രിയയുടെ പ്രവൃത്തി തീവ്രമാക്കുകയാണ് (ദ അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ ധലണൻ: സാമുവേൽ ബാഗ്സറ്റർ & സൺസ്, ലിമിറ്റഡ്., 1971), 223. ഡബ്ലിയു. ഈ.വൈൻ. ദ എക്സ്പാന്റഡ് വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ് വേർഡ്സ്, എഡി. ജോൺ ആർ. കോഹ്ലെൻബെർജർ III ധമിന്നെപ്പൊലിസ്: ബെഥനി ഹൗസ് പബ്ലിഷേഴ്സ്, 1984പ, 1244). [4]ജെഫ്രി ഡബ്ലിയു. ബ്രോമ്ലേ, "*കാറ്റർഗസോമായി*" *ഇൻ തിയോളജിക്കൽ ഡിക്ഷ്ണറി ഓഫ് ദ ന്യു ടെസ്റ്റമെന്റ്*, അബർ., എഡി. ഗെർഹാർഡ് കിറ്റിൽ ആന്റ് ഗെർഹാർഡ് ഫ്രിഡ്റിച്ച്, ട്രാൻസ്. ജെഫ്രി ഡബ്ലിയു. ബ്രോംലേ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1985), 421. [5]വില്യം ബാർക്ലേ, *ദ ലെറ്റേഴ്സ് ടു ദ ഫിലിപ്പിയൻസ്, കൊലൊഷ്യൻസ്, ആന്റ് തെസലൊണിയൻസ്*, റെവ. എഡി., ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ: വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1975), 41. [6]ചാൾസ് ആർ. ഏർഡ്മാൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്* (ഫിലദെൽഫിയ: ദ വെസ്റ്റ്മിനിസ്റ്റർ പ്രസ്, 1932; റീപ്രിന്റ്, ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1983), 89. [7]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ*, 81. [8]വൈൻ, 314. [9]ബ്രോംലേ, 156. [10]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ*, 18, 263.

[11]രാൽഫ് പി. മാർട്ടിൻ, *ദ എപ്പിസ്റ്റിൽ ഓഫ് പോൾ ടു ദ ഫിലിപ്പിയൻസ്*, റെവ. എഡി., ടിൻഡേൽ ന്യു ടെസ്റ്റമെന്റ് കമെന്ററീസ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1987), 118. [12]വൈൻ, 526. [13]*അനലിറ്റിക്കൽ ഗ്രീക്ക് ലെക്സിക്കൻ,* 19, 274. [14]എൻഏഎസ്ബിയുടെ ചില അച്ചടികളിൽ "ഫാസ്റ്റ്," അല്ലെങ്കിൽ "ഫോർത്ത്" എന്നു കുറിപ്പിൽ കൊടുത്തിരിക്കുന്നു. പല തർജിമകളിലും "ഫാസ്റ്റ്" എന്നതിനു പകരം കെജെവിയിലും ഏഎസ്‌വിയിലും "ഫോർത്ത്" എന്നാണ്. [15]മാർട്ടിൻ, 122–23. [16]ഹാരെൽ, 101. [17]ഏർഡ്മാൻ, 93. [18]ഹാരെൽ, 100.